## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 92 — 26.09.2016-ൽ മറുപടിക്ക്

### ജിഷ കൊലകേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.ഷാജി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പെരുമ്പാവൂരിലെ ജിഷ കൊലക്കേസ-ന്വേഷണത്തിന്റെ - ആരംഭഘട്ടത്തിൽ അലംഭാവം കാട്ടുന്നതിനും, തെളിവുകൾ അവഗണിക്കുന്നതിനും, നശിപ്പിക്കുന്നതിനും പോലീസിലെ ചില ഉദ്യോഗസ്ഥർ ശ്രമിച്ചിരുന്ന എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചിരുന്നോയെന്ന് വിശദമാക്കാമോ; | (എ) ആരോപണം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ - ജിഷാ കൊലക്കേസ് അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥരെ മാറ്റി പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) മാനസിക വൈകല്യമുള്ള ഒരു ഇതരസംസ്ഥാന തൊഴിലാളിയാണ് ഈ കുറ്റകൃത്യം ചെയ്തിട്ടുള്ളതെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) ഇതരസംസ്ഥാന തൊഴിലാളിയാണ് പ്രതി. പ്രതിക്ക് മാനസിക വൈകല്യമില്ല. |
| (സി) പ്രതിക്കുവേണ്ടി ആരംഭഘട്ടത്തിൽ പോലീസിനെ സ്വാധീനിക്കാനും നിഷ്ക്രിയരാക്കാനും ശ്രമമുണ്ടായിട്ടുണ്ടെങ്കിൽ അതിനു പിന്നിലെ ക്രിമിനൽ ശക്തികളെ കണ്ടെത്താൻ വിശദമായ അന്വേഷണത്തിന് ഉത്തരവാകുമോ? | (സി) പോലീസിനെ സ്വാധീനിക്കാൻ ശ്രമമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.